പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

ഇപ്പോൾ ഇല്ല.

കൃത്രിമ ഗർഭോല്പാദനം

*ക്വ൦൯ ൭. (ക്വ൨൨) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കാലികൾക്ക കൃത്രിമഗർഭോല്പാദനം നടത്തിക്കുടെന്ന വല്ല നിരോധനവും ഗവണ്മെൻറ കല്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽഎന്തു കാരണവശാലാണ് അങ്ങനെ ഉത്തരവായിട്ടുള്ളതെന്നു പറയാമോ;

(സി) കന്നുകാലികളുടെ വർഗ്ഗം നന്നാകുന്നതിനു് ഈ മാർഗ്ഗം അനുകരണീയോത്തമമാണെന്നു വിദഗ്ദ്ധാഭിപ്രായമുള്ളതായി ഗവണ്മെൻറിനറിയാമോ;

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) ഇല്ല.

(ബി) മേൽ പ്രസ്താവിച്ചതിൽ നിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അറിയാം.

നെയ്യാർ അണ

*ക്വ൦൯൮ (ക്വ൨൯) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൽ ജലസേചനാവശ്യങ്ങൾക്ക ഒരു അണ കെട്ടുവാൻ ഗവണ്മെൻറ് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ട്;

(ബി) ഇക്കൊല്ലം (ക്വ൯൫൦-ൽ) അതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ ചെയ്തിട്ടുണ്ടെങ്കിൽ എന്തു തീരുമാനം;

(സി) അതു സംബന്ധിച്ച് ഇക്കൊല്ലം എന്തെല്ലാം ജോലികൾ ചെയ്തിട്ടുണ്ട്;

(ഡി) അണ കെട്ടേണ്ടതു എവിടെയാണെന്നു അവസാനമായി തീർച്ചചെയ്തിട്ടുണ്ടോ;

(ഇ) ഇതിലേക്ക വേണ്ട ഇൻവെസ്റ്റിഗേഷൻ നടത്തുകയും എസ്റ്റിമേറു തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ് തുക എത്ര;

(എഫ്) ഇതു സംബന്ധിച്ച് ഇക്കൊല്ലം നടത്തിയിട്ടുള്ള ജോലികൾക്ക എത്ര ചെലവായി;

(ജി) എസ്റ്റിമേറ് തയാറാക്കിയിട്ടുള്ളപക്ഷം എത്ര കൊല്ലംകൊണ്ട് ഈ അണ കെട്ടിത്തീർക്കാമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു;

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) ക്വ൯ ൫൨-ൽ നടത്തിയ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികളെ അടിസ്ഥാനപ്പെടുത്തി നെയ്യാർ അണ കെട്ടുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനു് ഒരു പ്രത്യേക സബ്ഡിവിഷൻ ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫൗ—ന്യ—ഫൗ ൪ ൦ മുതൽ ഇൻവെസ്റ്റിഗേഷൻ ജോലി ആരംഭിക്കുന്നതിനു് ഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടു്.

(സി) അണകെട്ടാൻ ഉദ്ദേശിക്കുന്ന സ്ഥാനത്തു് "ടയൽ ബോറിങ്ങ്സും" "ടയൽ എക്സ്ക്കവേഷനും" നടത്തിയിട്ടുണ്ടു്. ഇടത്തേയും വലത്തേയും തോട്ടകളുടെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. അണകെട്ടുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്കുള്ള റോഡിൻറെ പണി ആരംഭിച്ചിട്ടുണ്ടു്.

(ഡി) അണയുടെ സ്ഥാനം തീരുമാനിച്ചിട്ടില്ല.

(ഇ) ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നു. അതിൻറെശേഷമേ എസ്റ്റിമേറ്റു് തുക പറയുവാൻ സാധിക്കയൊള്ളൂ.

(എഫ്) ഫൗ ൪ ൦ സെപ്തംബർ മാസംവരെ ൯, ൦ ൦ ൦ രൂപാ ചെലവായിട്ടുണ്ടു്.

(ജി) എസ്റ്റിമേറ്റു് തയാറിക്കിയിട്ടില്ലാത്തതുകൊണ്ടു് ഇതു പറയാൻ സാധിക്കയില്ല.

അരി

*ഫ൦൯൯. (ഫർ ഫ) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാ ഗവണ്മെണ്ടു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു ഇക്കൊല്ലം അനുവദിച്ചിട്ടുള്ള അരിയുടെ കോട്ടാ എത്ര;

(ബി) അവയിൽ എത്ര ടൺ കിട്ടിയിട്ടുണ്ടു്;

(സി) കോട്ടാ കൂടുതൽ അനുവദിക്കുന്നതിനു ഇൻഡ്യാ ഗവണ്മെണ്ടിൻറെ അടുത്തു നിവേദനം നടത്തിയിട്ടുണ്ടോ;

(ഡി) അതിനു കിട്ടിയ മറുപടി എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:)

(എ) ൨,൪ ൦,൦ ൦ ൦ ടൺ.

(ബി) ഫ,൫൭,൨൯൦ ടൺ സെപ്തമ്പർ അവസാനംവരെ.

(സി) ഉണ്ടു്.

(ഡി) കോട്ടാ കൂടുതൽ അനുവദിപ്പാൻ നിവൃത്തിയില്ലെന്നാണു് ഇതുവരെ കിട്ടിയിട്ടുള്ള മറുപടി.

Questions posted for Answer on 24th October 1950

COMMUNICATION DEVELOPMENT BOARD

***1100.** [28] **Sri. P. T. Chacko:** Will the Hon'ble Minister for Works and Communications be pleased to state:—

(*a*) whether the Government have appointed a Communication Development Board;

(*b*) the members of the Board if such a Board is constituted;

(*c*) whether the Board has submitted any report;

(*d*) whether they have made recommendations and if so what are they;

(*e*) whether Government have taken any action on the report?

Minister for Public Works, Communications and Agriculture **(Sri. E. John Philipose):**

(*a*) No.

(*b*) to (*e*) Do not arise in view of answer to (*a*).

LIBRARY ARCHIVES Kerala Legislative Assembly